21357
29/12/16

ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033
E-mail: secretary@niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ:8260/എം.എ.ഇ 2/2012/നി.സെ

തിരുവനന്തപുരം,
21.12.2016

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭാ ഹോസ്റ്റൽ കോംപൗണ്ടിൽ പ്രവർത്തിക്കുന്നതും ബഹു. നിയമസഭാ സാമാജികർക്കും മറ്റുള്ളവർക്കും പത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും വില്ക്കുന്നതുമായ ഒരു പത്രവില്പന സ്റ്റാൾ ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുവാൻ താല്പര്യമുള്ളവരിൽ നിന്നും മുദ്ര വച്ച കവറുകളിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. കരാറിൽ ഏർപ്പെടുന്നവർ സെക്യൂരിറ്റി ഡെപ്പോസിറ്റായി ₹ 5000/- (അയ്യായിരം രൂപ മാത്രം) മുൻകൂറായി അടയ്ക്കേണ്ടതാണ്. ഏറ്റവും കൂടിയ വാടക തുക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് കരാർ നൽകുന്നതാണ്.

വാടക തുകയും സെക്യൂരിറ്റി തുകയായ ₹ 5000/- മുൻകൂർ കെട്ടി വയ്ക്കുന്നതിനുള്ള സന്നദ്ധതയും രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ 04.01.2017 ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷൻ കവറിനു മുകളിൽ "നിയമസഭാ ഹോസ്റ്റലിലെ പത്രവില്പന സ്റ്റാളിന്റെ നടത്തിപ്പിനായുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

05.01.2017-ന് രാവിലെ 11.00 മണിക്ക് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും തുടർനടപടി സ്വീകരിക്കുന്നതുമാണ്. എന്തെങ്കിലും കാരണവശാൽ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാകാൻ ഇടയായാൽ അടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ

.......2

പരിശോധിച്ച് സ്ഥിരപ്പെടുത്തുന്നതാണ്. ഏറ്റവും കൂടിയ വാടക ക്വാട്ട് ചെയ്യുന്ന വ്യക്തിക്ക് കരാർ നൽകുന്നതാണ്. ഒന്നിലധികം വ്യക്തികൾ ഒരേ തുക ക്വാട്ട് ചെയ്താൽ പ്രസ്തുത വ്യക്തികളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള നറുക്കെടുപ്പിലൂടെ കരാർ സ്ഥിരപ്പെടുത്തുന്നതാണ്. കരാർ ലഭിക്കുന്ന വ്യക്തി സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും മേൽ പരാമർശിച്ച സാധനങ്ങളും അവ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള ഉപകരണങ്ങളും വാങ്ങേണ്ടതാണ്. കരാർ ഒപ്പിട്ട് 30 ദിവസത്തിനകമോ നിർദ്ദേശിക്കപ്പെടുന്ന ദിവസമോ സ്റ്റാളിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷനുകൾ മാറ്റിവയ്ക്കുന്നതിനോ നിരസിക്കുന്നതിനോ ഉപേക്ഷിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. നിബന്ധനകൾക്കും മറ്റ് വിശദാംശങ്ങൾക്കും എസ്റ്റേറ്റ് ഓഫീസറുടെ ഓഫീസുമായി ബന്ധപ്പെടുക.

എം. കെ. സുരേന്ദ്രലാൽ,<br>എസ്റ്റേറ്റ് ഓഫീസർ,<br>നിയമസഭാ ഹോസ്റ്റൽ

ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033
E-mail: secretary@niyamasabha.org

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## വിൻഡോ പരസ്യം മാതൃക

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

നം. 8260/എം.എ. ഇ 2/2012/നി.സെ. 21.12.2016

നിയമസഭാ ഹോസ്റ്റൽ വളപ്പിനുള്ളിൽ ഒരു പത്ര വില്പന സ്റ്റാൾ ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ക്വട്ടേഷൻ

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി - 04.01.2017**

**വൈകുന്നേരം 4.00 മണി**

വിശദവിവരങ്ങൾക്ക് സന്ദർശിക്കുക : www.niyamasabha.org

*Kr. Windo notification format*